# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 613 | 01-12-2015-ൽ മറുപടിക്ക്

## യെസ് ക്യാൻ 2015

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) യുവ സംരംഭകത്വ സംഗമ (യെസ്) ത്തിന്റെ രണ്ടാം പതിപ്പായ യെസ് ക്യാൻ 2015 സംഘടിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. മൊത്തം എന്ത് തുക ചെലവഴിച്ചു : ഒന്നാം പതിപ്പിന് ചെലവായ തുക എത്രയായിരുന്നു. ; | (എ) യുവ സംരംഭകത്വ സംഗമം 2014 സംഘടിപ്പിക്കുന്നതിന് നാളിതുവരെ 17007169/- രൂപയും, യെസ് ക്യാൻ 2015ന്റെ നടത്തിപ്പിനായി 22040188/- രൂപയും വിവിധ യിനങ്ങളിൽ ചെലവായിട്ടുണ്ട്. |
| (ബി) യെസിന്റെയും യെസ് ക്യാൻ 2015 ന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ടുന്ന സഹായങ്ങൾ നൽകുന്നതിനുമായി 2011 ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, മറ്റുള്ളവരുമായി ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവ സംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്. |

2014 സെപ്റ്റംബർ 12-ാം തീയതി കൊച്ചിയിൽ വച്ച് നടത്തിയ 'യുവ സംരംഭക സംഗമത്തിന്റെ' ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക
- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക
- കേരളത്തെ യുവ സംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക

2014 ൽ സംഘടിപ്പിച്ച യുവ സംരംഭകത്വ സംഗമത്തിന്റെ രണ്ടാം പതിപ്പായാണ് യെസ് ക്യാൻ 2015 സംഘടിപ്പിച്ചത്. Colloborating and Networking എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് യെസ് ക്യാൻ 2015 സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും യുവ സംരംഭകരുമടക്കം തിരഞ്ഞെടുക്കപ്പെട്ട 1500 ഓളം പേരാണ് പ്രസ്തുത സംഗമത്തിൽ പങ്കെടുത്തത്. യെസ് ക്യാൻ 2015 സംഘടിപ്പിച്ചതിന്റെ വിവിധ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി യുവസംരംഭർക്ക് നേരിൽ ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുക

- സംരംഭകത്വ വികസനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇൻക്യുബേഷൻ സെന്ററിന്റെ ശൃംഖല രൂപീകരിക്കുക. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥി യുവസംരംഭർക്ക് അവരുടെ ആശയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ

നിക്ഷേപകർക്കു മുന്നിൽ അവതരിപ്പിക്കുന്നതിനും, നിക്ഷേപകരുമായി ആശയ വിനിമയം നടത്തുന്നതിനുമുള്ള അവസരം ഒരുക്കുക എന്നിവയാണ്.

(സി) സംഘടിപ്പിക്കപ്പെട്ട പരിപാടിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയുണ്ടായോ ; എങ്കിൽ ഏത് ഏജൻസി ; വിശദമാക്കാമോ ;

(സി) വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അനുകൂല സാഹചര്യം സൃഷ്ടിക്കുക, വളരുന്ന വിദ്യാർത്ഥി-യുവജനങ്ങളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽദാതാക്കളായി മാറ്റുക തുടങ്ങിയ ഉദ്ദേശങ്ങളോടു കൂടിയാണ് യുവസംരംഭക സംഗമം 2014, യെസ് ക്യാൻ 2015 തുടങ്ങിയവ സംഘടിപ്പിച്ചത്. ഇതിനെ തുടർന്ന് വിവിധ മേഖലകളിൽ നിന്നുള്ള നൂതന ആശയങ്ങളുമായി നൂറുകണക്കിന് വിദ്യാർത്ഥി യുവസംരംഭകർ സംരംഭകത്വ മേഖലയിലേയ്ക്ക് കടന്നു വന്നിട്ടുണ്ട്.

ഇവരുടെ അടിസ്ഥാന ആവശ്യങ്ങളായ ധനസഹായം, മെന്ററിങ്ങ്, ഇൻകുബേഷൻ സ്പേസ് എന്നിവ ലഭ്യമാക്കുന്നതിനായി കൊച്ചിയിൽ ഒരു സീഡ് ഫണ്ടിങ് സ്കീമും കൊച്ചിയിലും, സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻകുബേഷൻ സെന്ററുകളും കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

സംരംഭകത്വ വികസന മേഖലയിൽ രാജ്യത്തെ തന്നെ പ്രഗത്ഭരായ ഇന്ത്യൻ എയ്ഞ്ചൽ നെറ്റ് വർക്കിലെയും മറ്റു പ്രമുഖ വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകളുമായും ലോക പ്രശസ്തമായ സ്റ്റാർട്ടപ്പ് കമ്പനികളുടെ മേധാവികളുമായും വിദ്യാർത്ഥി യുവ സംരംഭകർക്ക് ആശയവിനിമയം നടത്തുന്നതിന് യെസ് ക്യാൻ 2015 മുഖേന സാധിച്ചു. യുവ വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ ഈ വിദഗ്ദരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരവും ഇതു മുഖേന ലഭിച്ചു. കെ.എസ്.ഐ.ഡി.സി നടപ്പാക്കിയ യുവസംരംഭകർക്കായുള്ള ഈ രണ്ടു സംഗമങ്ങളും അതിനെ തുടർന്ന് ആവിഷ്കരിച്ച വിവിധ പദ്ധതികളും മുഖേന കേരളത്തിന്റെ

സംരംഭകത്വ അനുകൂല സാഹചര്യങ്ങൾ തിരിച്ചറിയുകയും അവ പ്രാവർത്തിക മാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കു കയും ചെയ്യുന്നു.

പ്രസ്തുത പരിപാടിയുടെ നേട്ടങ്ങളും, കോട്ടങ്ങളും വിലയിരുത്തുന്നതിന് ഏജൻ സികളെ ഒന്നും തന്നെ ചുമതല പ്പെടുത്തിയിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച തുടർ നടപടികൾ എന്തൊക്കെയാണ് ?

(ഡി) യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ട് വച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതി നുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ് മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീക രിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- **സാമ്പത്തിക സഹായം**

  യുവ സംരംഭകർക്ക് ആവശ്യമായ സാമ്പ ത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയിൽ ഒരു സീഡ് ഫണ്ടിങ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും സമാഹരിച്ച തിരഞ്ഞെടുക്കപ്പെട്ട പതിന ഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കി കഴിഞ്ഞു. കൂടുതൽ വിദ്യാർത്ഥി / യുവസംരംഭകരുടെ നൂതന ആശയ ങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോ ഗമിച്ചു വരുന്നു .

- **മെന്ററിംഗ്**

  ആവശ്യമായ മെന്ററിംഗ് നൽകുന്നതി ലേയ്ക്കായി കെ.എസ്.ഐ.ഡി.സി., ടൈ, സി.ഐ.ഐ എന്നീ ഏജൻസി കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീ യറിംഗ് ഇതര കോളേജ് വിദ്യാർത്ഥി കളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തി എടുക്കുന്നതിനായി ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിക്കുന്നതി നുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ടി.കെ.എം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് എൻ.ഐ.റ്റി, എറണാകുളം രാജഗിരി ബിസിനസ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. കേരള പോലീസുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നല്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

- ഇൻക്യുബേഷൻ സ്പേസ് / സ്കിൽ ഡവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ് കോളേജിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടു കൂടി നിർമ്മിച്ച ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻകുബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതു കൂടാതെ, രാജ്യത്തെ തന്നെ സംരംഭകത്വ വികസന രംഗത്ത് പ്രഗത്ഭരായ ഇന്ത്യൻ എയ്ഞ്ചൽ നെറ്റ് വർക്കുമായി സഹകരിച്ച്, വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ വികസനത്തിനായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ